**പന്ത്രണ്ടാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2009 ജൂൺ 26, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിരപ്രമേയം**

കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ

മി. സ്പീക്കർ : മിച്ചഭൂമിയാണെന്ന് അറിയാതെ ഭൂമി വാങ്ങിയ കൃഷിക്കാർക്ക് സ്ഥിരാവകാശം നൽകുന്നതിനുള്ള നിയമവും ഭൂമി പണയം നൽകാതെ വായ്പ ലഭിക്കാനുള്ള കിസാൻ പാസ് ബുക്ക് സംബന്ധിച്ച നിയമവും നടപ്പാക്കാത്തതുകൊണ്ടും കശുമാവ് കൃഷിക്ക് പ്ലാന്റേഷൻ സ്റ്റാറ്റസ് നൽകുന്നത് സംബന്ധിച്ച നിയമത്തിന് പ്രസിഡന്റിന്റെ അനുമതി ലഭിക്കാത്തതുമൂലവും കൃഷിക്കാർ നേരിടുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. എം. മാണി, തിരുവഞ്ചൂർ രാധാകൃഷ്ണൻ, സി. ടി. അഹമ്മദ് അലി, കെ. ബി. ഗണേഷ് കുമാർ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): മിച്ചഭൂമിയാണെന്ന് അറിയാതെ വിലകൊടുത്ത് ഭൂമിവാങ്ങി വർഷങ്ങളായി താമസിച്ചുവരുന്ന കൃഷിക്കാരെയടക്കം ഒഴിപ്പിക്കുന്ന സാഹചര്യം ഉണ്ടായപ്പോൾ അവരെ സംരക്ഷിക്കണമെന്ന ഉദ്ദേശത്തോടുകൂടി 1996-ൽ എൽ.ഡി.എഫ്. സർക്കാർ ഒരു ബിൽ പാസ്സാക്കിയിരുന്നു. 2001-ൽ കൊണ്ടുവന്ന ഭൂപരിഷ്ക്കരണ ഭേദഗതി നിയമത്തിൽ 7(ഇ) എന്ന പുതിയ വകുപ്പ് കൊണ്ടുവന്നത് നാല് ഏക്കർവരെയുള്ള ഭൂമി വില കൊടുത്ത് വാങ്ങിയവരെ നിയമം പാസ്സാക്കുന്ന തുവരെയുള്ള കാലഘട്ടം ഉൾപ്പെടുത്തി മിച്ചഭൂമിയിൽ നിലനിർത്താൻ വേണ്ടി യാണ് മലബാറിലെ വിവിധ പ്രദേശങ്ങളിൽ ധാരാളം കൃഷിക്കാർ ഇത്തരം ഭൂമി വാങ്ങി വീട് വച്ചും കൃഷിചെയ്തും ജീവിക്കുകയാണെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഗവൺമെന്റ് ഇത്തരമൊരു നിയമനിർമ്മാണത്തിന് രൂപം നൽകിയത്. 2006-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്ന തിനുശേഷം 60 ലാന്റ് ബോർഡുകൾ പുന:സംഘടിപ്പിച്ചു. 60373 ഏക്കർ ഭൂമി ഉൾപ്പെടുന്ന 1600 മിച്ചഭൂമി കേസ്സുകൾ ലാന്റ്ബോർഡുകളിൽ വിചാരണ നട ന്നുകൊണ്ടിരിക്കുകയാണ്. ഈ കേസ്സുകൾ എത്രയുംവേഗം പൂർത്തിയാക്കി മിച്ചഭൂമി ഏറ്റെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യണമെന്നാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. വർഷങ്ങളായുള്ള ഈ കേസ്സുകൾ തീർപ്പു കൽപ്പിച്ച് മിച്ചഭൂമി ഏറ്റെടുക്കുന്നതിന് കഴിയുന്നില്ലെന്നുള്ളത് ഒരു വസ്തുതയാണ്. ഏറ്റെടുത്ത 1600-ഓളം ഏക്കർ ഭുമിയിൽ വിതരണ യോഗ്യ മായ 950 ഏക്കർ ഭൂമി ഏകദേശം ഒമ്പതിനായിരംപേർക്ക് വിതരണം ചെയ്തി ട്ടുണ്ട്. ലാന്റ് ബോർഡുകൾ മിച്ചഭൂമിയായി പ്രഖ്യാപിച്ച പതിമൂന്നാ യിരത്തോളം ഏക്കർ ഭൂമി സംബന്ധിച്ച കേസ്സുകൾ കോടതിയുടെ പരിഗണ നയിലാണ്. ലാന്റ് ബോർഡ് അവാർഡ് പ്രഖ്യാപിച്ച് ഏറ്റെടുക്കാൻ നോട്ടിഫൈ

ചെയ്ത ഭൂമി വിതരണം ചെയ്യേണ്ടതുണ്ട്. 7 (ഇ) വകുപ്പ് നടപ്പാക്കുമ്പോൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ആയിരക്കണക്കിന് ഏക്കർ മിച്ചഭൂമി നഷ്ടപ്പെടാതെ സംരക്ഷിച്ച് വിതരണം ചെയ്യും. വടക്കേക്കളം ഉൾപ്പെടെ വിലകൊടുത്തുവാങ്ങി വർഷങ്ങളായി താമസിച്ച് കൃഷിചെയ്തുവരുന്ന കൃഷിക്കാരെ പൂർണ്ണമായും സംരക്ഷിക്കുക എന്നതാണ് എൽ.ഡി.എഫ്. സർക്കാരിന്റെ പ്രഖ്യാപിത തീരുമാനം. കശുമാവ് കൃഷിക്ക് പ്ളാന്റേഷൻ സ്റ്റാറ്റസ് നൽകുന്നത് സംബന്ധിച്ച് നിയമത്തിന പ്രസിഡന്റിന്റെ അനുമതി ലഭിച്ചില്ല. കിസാൻ കാർഡ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട നിയമത്തെപ്പറ്റി സൂക്ഷ്മ പരിശോധന നടത്തേണ്ടതുണ്ട്. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

<u>ശ്രീ. കെ.എം. മാണി</u> : 2005 ലെ കേരള ലാന്റ് റിഫോംസ് ആക്ടിലെ 7(ഇ) വകുപ്പ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നാണ് മന്ത്രി പറഞ്ഞത്. എന്നാൽ അതിന് വിപരീതമായാണ് കാര്യങ്ങൾ നടക്കുന്നത്. കഴിഞ്ഞ യു.ഡി.എഫ് ഗവൺമെന്റിന് ലഭിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ മിച്ചഭൂമി വാങ്ങിയ ആളുകളെ സംരക്ഷിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി വിളിച്ചുചേർത്ത സർവ്വകക്ഷിയോഗത്തിൽ നാല് ഹെക്ടർ വരെയുള്ള കൃഷിക്കാരെ എക്സംപ്റ്റ് ചെയ്യാനും സ്ഥിരാവകാശം നൽകാനുമുള്ള തീരുമാനം ഏകകണ്ഠമായി അംഗീകരിക്കുകയും അതനുസരിച്ചുള്ള നിയമം പാസ്സാക്കി നോട്ടിഫൈ ചെയ്യുകയുമുണ്ടായി. പിന്നീട് വന്ന എൽ.ഡി.എഫ് ഗവൺമെന്റ് അതുസംബന്ധിച്ച് യാതൊരു നടപടിയും സ്വീകരിച്ചില്ല. ഹൈക്കോടതി എടുത്ത കോടതിയലക്ഷ്യ നടപടികൾ മുന്നോട്ടു നീങ്ങിയപ്പോൾ എൽ.ഡി.എഫ്. ഗവൺമെന്റ് സുപ്രീംകോടതിയിൽ പോകുകയും ഇതു സംബന്ധിച്ച നിയമത്തിൽ 7(ഇ) വകുപ്പ് അമെൻഡ്മെന്റ് കൊണ്ടുവന്നി

ട്ടുണ്ടെന്നും അതുകൊണ്ട് കർഷകർക്ക് പ്രൊട്ടക്ഷനുണ്ടെന്നും കുടിയൊഴിപ്പിക്കേണ്ട കാര്യമില്ലെന്നും സുപ്രീംകോടതിയെ ബോദ്ധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ സുപ്രീംകോടതി സ്റ്റേ വെക്കേറ്റ് ചെയ്യുകയും ചെയ്തു. ഈ ഗവൺമെന്റ് സുപ്രീംകോടതിയിൽ ക്ലിയർ കമ്മിറ്റ്മെന്റ് കൊടുത്തത് 2005 -ലെ കേരള ലാന്റ് റിഫോംസ് അമെന്റ് ആക്ടിലെ 7(ഇ) വകുപ്പ് നടപ്പിലാക്കുമെന്നാണ്. എന്നാൽ ഈ നിയമം നടപ്പിലാക്കുന്നതിനെതിരെ സർക്കാർ തലത്തിൽ ചില ഉത്തരവുകൾ പുറപ്പെടുവിച്ചശേഷം ഈ നിയമം നടപ്പാക്കാൻ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണെന്ന് നിയമസഭയിൽ പറഞ്ഞത് തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിലുള്ളതാണ്. 12.12.2007 - ൽ ലാന്റ് ബോർഡ് സെക്രട്ടറി കേരളത്തിലെ താലൂക്ക് ലാന്റ് ബോർഡ് ചെയർമാന്മാർക്കും ജില്ലാകളക്ടർമാർക്കും അയച്ച സർക്കുലർ കേരള ഭൂപരിഷ്കരണ നിയമത്തിലെ പുതിക്കിയ 7(ഇ) ഭേദഗതിപ്രകാരമുള്ള നിയമത്തിനുള്ള ചട്ടങ്ങൾ അംഗീകരിച്ചിട്ടില്ലാത്തതുകൊണ്ട് ഈ നിയമത്തിന്റെ അടിസ്ഥാനത്തിനുള്ള നടപടികൾ സ്വീകരിക്കേണ്ടതില്ലെന്നും പ്രസ്തുത ഭേദഗതി നിയമപ്രകാരമുള്ള അപേക്ഷകൾ നിരാകരിക്കാവുന്നതാണെന്നും അങ്ങനെയൊരു ഭേദഗതി നിലവിലില്ല എന്ന രീതിയിൽ ഈ കേസ് കൈകാര്യം ചെയ്യണമെന്നുമാണ്. റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി 23.5.2008 - ൽ ജില്ലാ കളക്ടർക്ക് അയച്ച ഒരു മെസ്സേജിൽ ഇനിയൊരുത്തരവ് ഉണ്ടാകുന്നതുവരെ 7(ഇ) വകുപ്പ് നടപ്പിലാക്കാനുള്ള നടപടികൾ നിർത്തിവയ്ക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ രീതിയിലുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചത് ബഹുമാനപ്പെട്ട മന്ത്രി അറിയാതെയാണോയെന്ന് വ്യക്തമാക്കണം. നിയമസഭയിൽ ഇങ്ങനെ ഉണ്ടാകാൻ പാടില്ല. ഇതൊരു കണ്ടംപ്റ്റ് ആണ്. . ആക്ഷേപകരമായ ഒരു ഭരണസ്ഥിതിയാണ്

ഉണ്ടായിരിക്കുന്നത്. ഭൂമി പണയപ്പെടുത്താതെ ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുക്കാനുള്ള 2005-ലെ കിസ്സാൻ പാസ് ബുക്ക് നിയമം ചട്ടം രൂപീകരിക്കാത്തതുകൊണ്ട് നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ഇത് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. തേയിലത്തോട്ടങ്ങളിൽ ജോലിയില്ലാത്ത സാഹചര്യം വന്നപ്പോൾ പ്ലാന്റേഷന് സ്റ്റാറ്റസ് കൊടുക്കുന്നതിനായി കഴിഞ്ഞ ഗവൺമെന്റ് ഒരു ഭേദഗതി നിയമം പാസാക്കി പ്രസിഡന്റിന്റെ അസ്സന്റിന് അയച്ചപ്പോൾ അസ്സന്റ് കൊടുക്കരുതെന്ന് കേന്ദ്ര സർക്കാരിനെ എഴുതി അറിയിച്ചത് ഭരണഘടനാലംഘനമാണ്. സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയങ്ങൾ ചർച്ച ചെയ്യണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : വടക്കേക്കളം, വടക്കേ മലബാർ ഉൾപ്പെടെ സംസ്ഥാനത്തെ പല പ്രദേശങ്ങളിലും മിച്ചഭൂമിയെന്നറിയാതെ വർഷങ്ങൾക്കുമുമ്പ് ഉത്തമവിശ്വാസത്തോടുകൂടി വാങ്ങി ദേഹണ്ഡങ്ങൾ ചെയ്ത് ജീവിക്കുന്ന പാവപ്പെട്ട കൃഷിക്കാരെ കുടിയൊഴിപ്പിക്കാതെ അവർ താമസിക്കുന്ന ഭൂമിക്ക് നിയമപരമായ പരിരക്ഷ കൊടുക്കുന്നതിനുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. ലാൻഡ് ബോർഡിന്റെ 60,000-ൽപ്പരം ഏക്കർ മിച്ചഭൂമി ദുർബല ജനവിഭാഗങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള ചർച്ചകൾ നടന്നുവരികയാണ്. കോടതി കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമി നഷ്ടപ്പെട്ടുപോകാതിരിക്കാനുള്ള നടപടികളു

മായിട്ടാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഇതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഇറക്കിയിട്ടുള്ള നിർദ്ദേശങ്ങളേയും ഉത്തരവുകളേയും ദുർവ്യാഖ്യാനം ചെയ്യുന്നത് ശരിയല്ല. ഇടുക്കി ജില്ലയിൽ ഉൾപ്പെടെ പതിനായിരക്കണക്കിന് കൃഷിക്കാർക്ക് ആറുമാസത്തിനുള്ളിൽ പട്ടയം കൊടുക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. സംസ്ഥാനത്തെ മുഴുവൻ മിച്ചഭൂമിയും ഏറ്റെടുത്ത് ഭൂരഹിതരായ പാവപ്പെട്ട ദുർബല വിഭാഗങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള ആർജ്ജവം ഈ ഗവണ്മെന്റിനുണ്ട്. ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, കെ.എം. മാണി, സി. ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോവുകയും അൽപ്പസമയത്തിനുശേഷം തിരിച്ചു വരികയും ചെയ്തു)

III ശ്രദ്ധ ക്ഷണിക്കൽ

(1) മൊബൈൽ ഫോൺ ടവ്വറുകൾ

ശ്രീ. കെ.കെ. ഷാജു: സംസ്ഥാനത്ത് മൊബൈൽ ഫോൺ ടവ്വറുകൾ പ്രവർത്തിക്കുന്നതുകൊണ്ടുണ്ടായിട്ടുള്ള ആരോഗ്യ പ്രശ്നങ്ങൾ സാധാരണ ജനങ്ങളിൽ ഉണ്ടാക്കിയിട്ടുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിന് ഇത് സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം. ടവ്വർ സ്ഥാപിക്കുന്നതിന് വസ്തു ഉടമയുടെ

അനുമതിയും പഞ്ചായത്തിന്റെ അനുമതിയുമല്ലാതെ മറ്റ് നിബന്ധന കളൊന്നുമില്ല. ഇടിമിന്നലിന്റെ ആഘാതത്തിൽ നിന്നും ഒഴിവാകുമെന്നും നല്ല കവറേജ് കിട്ടുമെന്നുള്ളതുമൊഴിച്ചാൽ ഇതിൽ നിന്നുണ്ടാകുന്ന റേഡിയേഷൻ വളരെ കൂടുതലാണെന്ന ഭയാശങ്കയോടൊപ്പം മറ്റ് ഇലക്ട്രിക്കൽ ഉപകരണങ്ങൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ സാധിക്കാത്ത അവസ്ഥയും സംജാതമാകുന്നുണ്ട്. ടവ്വർ സ്ഥാപിക്കുന്ന പ്രദേശങ്ങളിൽ ജനങ്ങൾ ഒത്തുചേർന്ന് ആക്ഷൻ കൗൺസിൽ രൂപീകരിക്കുകയും സമരങ്ങൾ നടത്തുകയും ചെയ്യുന്നു. ടവ്വറുകൾ സ്ഥാപിക്കാൻ കമ്പനികൾ തമ്മിൽ മത്സരമാണ്. അതേസമയം ഒരു ടവ്വർ സ്ഥാപിച്ച് അതിൽ തന്നെ നിരവധി കമ്പനികൾക്കാവശ്യമായിട്ടുള്ള ട്രാൻസ്മിറ്ററും റീസീവറും വയ്ക്കാൻ സാധിക്കുമെന്നതിനാൽ പരാതികളില്ലാത്ത സ്ഥലത്ത് താൽപ്പര്യമുള്ള എല്ലാ കമ്പനികളും ചേർന്ന് ഒരു ടവർ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതി മാത്രമേ പഞ്ചായത്ത് കൊടുക്കുകയുള്ളൂ എന്ന നിബന്ധന ഏർപ്പെ ടുത്താൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കു വേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടപ്ര കാരമാണ് ടെലി കമ്മ്യൂണിക്കേഷൻസ് മൊബൈൽ ഫോൺ ടവ്വറുകൾ സ്ഥാപിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ അനുമതി നൽകിയത്. മൊബൈൽ ടവർ സ്ഥാപിക്കുന്നതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിന് 7-9-2007-ൽ ചീഫ് ടൗൺ പ്ലാനർ ചെയർമാനായി നിയോഗിച്ച നാലംഗ ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ടിൽ ടവർ സ്ഥാപിക്കുന്നതുമൂലം ജനങ്ങൾ ആശങ്കപ്പെടുന്നതുപോ

ലുള്ള റേഡിയേഷൻ ഉണ്ടാകുന്നില്ല എന്ന് പറഞ്ഞിട്ടുണ്ട്. ബോംബെ ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം കേന്ദ്രസർക്കാർ നിയോഗിച്ച കമ്മിറ്റിയുടെ പഠനത്തിലും മൊബൈൽ ടവറിൽ നിന്നുള്ള റേഡിയേഷൻ വളരെ കുറവാണെന്നും ഇതുമൂലം ആരോഗ്യപ്രശ്നങ്ങൾ ഒന്നും സൃഷ്ടിക്കപ്പെടില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നിരുന്നാലും മുൻകരുതൽ നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇത് ദേശീയതലത്തിലുള്ള പ്രശ്നമായതിനാൽ ഒന്നുകൂടി പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

(2) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം

ശ്രീ. എൻ . രാജൻ: ഏകദേശം 16 ലക്ഷത്തോളം തൊഴിലാളികൾ അംഗങ്ങളായുള്ള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടിയുണ്ടാകണം. ധാരാളം അപേക്ഷകർ ക്ഷേമനിധി ആനുകൂല്യങ്ങൾ കാത്ത് കഴിയുകയാണ്. ക്ഷേമനിധി ബോർഡിൽനിന്ന് 107-കോടിയിൽപ്പരം രൂപ അംഗങ്ങൾക്ക് കുടിശ്ശികയിനത്തിൽ നൽകാനുണ്ട്. ഇത്രയും വലിയ തുക നൽകാൻ ബോർഡിന് കഴിയാത്ത സാഹചര്യത്തിൽ ഭൂ ഉടമാ വിഹിതം വർദ്ധിപ്പിക്കുന്നതിനും യഥാസമയം പിരിച്ചെടുക്കുന്നതിനും നിയമത്തിൽ ഭേദഗതി വരുത്തണം. ക്ഷേമനിധിയിലേയ്ക്കുള്ള കർഷകത്തൊഴിലാളികളുടെ മാസ വിഹിതം ഹെക്ടറിന് അഞ്ച് രൂപയെന്നുള്ളത് ഒരേക്കറിന് പതിനഞ്ച് രൂപയാക്കി ഉയർത്തേണ്ടതാണ്. ക്ഷേമനിധി ബോർഡിൽ അംഗങ്ങളാകുന്നവർ അടയ്ക്കുന്ന വിഹിതത്തിനും സമാനമായ വിഹിതം ഗവൺമെന്റ് നൽകേണ്ടതാണ്. ഭൂമിയുടെ വില നിശ്ചയിക്കുകയും ക്രയവിക്രയം നടത്തുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ കിട്ടുന്ന തുകയുടെ ചെറിയൊരു

ശതമാനമെങ്കിലും സെസ്സ് ഈടാക്കി ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കുകയും വേണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): കർഷകത്തൊഴിലാളികൾക്ക് ഫെബ്രുവരി 2009 വരെയുള്ള പെൻഷൻ കുടിശ്ശിക കൊടുത്തു തീർത്തു. 456 കോടിയിൽപ്പരം രൂപയാണ് ഇതിനായി സർക്കാർ അനുവദിച്ചത്. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വരുമാനം 7 കോടി രൂപയാണ്. അധിവർഷാനുകൂല്യം നൽകുന്നതിന് ക്ഷേമനിധി ബോർഡിന് പണമില്ല. സ്റ്റാമ്പ് ഡ്യൂട്ടിയും രജിസട്രേഷൻ ഫീസുമൊക്കെ ഇപ്പോൾത്തന്നെ നിലവിലുള്ളതിനാൽ വീണ്ടും ഒരു സെസ്സ് ഏർപ്പെടുത്തുന്ന കാര്യം ആലോചിച്ചിട്ടില്ല. ഹെക്ടറിന് നിശ്ചയിച്ചിരിക്കുന്ന സെസ്സ് ഏക്കറിലാക്കാനും തൊഴിലാളികളുടെ അംശദായത്തിന് തുല്യമായ തുക സർക്കാർ അടയ്ക്കാനും വരുമാനം വർദ്ധിപ്പിച്ച് ആനുകൂല്യം കൊടുക്കാനുമുള്ള നിയമ ഭേദഗതി കൊണ്ടു വരുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് അർഹമായ സാമ്പത്തിക സഹായം നൽകണമെന്ന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**സബ്മിഷൻ**

(1) വാഹനങ്ങളിൽ കുട്ടികളെ കുത്തി നിറച്ചുകൊണ്ടുപോകുന്നത് സംബന്ധിച്ച്

ശ്രീ. ടി. എൻ. പ്രതാപൻ: കുട്ടികളെ ആട്ടോറിക്ഷയിലും ജീപ്പിലും കുത്തിനിറച്ച് അമിത വേഗതയിൽ സ്കൂളിലേയ്ക്ക് കൊണ്ടുപോകുന്നതുമൂലം ഉണ്ടാകുന്ന വാഹനാപകടങ്ങൾ ഒഴിവാക്കുന്നതിന് ഇതുസംബന്ധിച്ച് സുപ്രീംകോടതി നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാനും മറ്റ്

കർശന നടപടികൾ സ്വീകരിക്കാൻ സ്കൂളുകളിൽ ട്രാഫിക് ക്ളബ്ബുകൾ രൂപീകരിക്കാനും സംവിധാനമുണ്ടാക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കുട്ടികളെ ആട്ടോറിക്ഷയിലും ജീപ്പിലും കുത്തിനിറച്ച് അമിത വേഗതയിൽ സ്കൂളിലേയ്ക്ക് കൊണ്ടുപോകുന്നതുമൂലം ഉണ്ടാകുന്ന വാഹനാപകടങ്ങൾ ഒഴിവാക്കുന്നതിനായി പോലീസ് കാര്യ ക്ഷമമായി പ്രവർത്തിച്ചു വരികയാണ്. ഇതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങ ളിൽ ട്രാഫിക് സേഫ്റ്റി ക്ളബ് രൂപീകരിക്കാനും ബോധവൽക്കരണം നടത്താനും കർശന നിർദ്ദേശം കൊടുത്തിട്ടുണ്ട്. സ്റ്റുഡന്റ് പോലീസ് എന്ന സംവിധാനം സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കാനാണ് ആലോചിക്കുന്നത്. പെർമിറ്റിന് വിരുദ്ധമായി കൂടുതൽ കുട്ടികളെ കയറ്റിക്കൊണ്ടുപോകുന്ന ഡ്രൈവർമാർക്കെതിരെ പെറ്റി കേസ്സെടുത്തും കേസ് രജിസ്റ്റർ ചെയ്തും നടപടികൾ സ്വീകരിച്ചുവരുന്നു.

(2) ബിൽസിയുടെ മരണം

ശ്രീ. വർക്കല കഹാർ: വർക്കലയിൽ നാവായിക്കുളത്ത് മുക്കുകടയിൽ ബിൽസി പ്രസിദ്ധമായ ഒരു സ്വകാര്യ ആശുപത്രിയിൽ സിസ്സേറിയൻ കഴിഞ്ഞ് രണ്ട് ദിവസം കഴിഞ്ഞപ്പോൾ ആശുപത്രിയുടെ മൂന്നാമത്തെ നിലയിൽ നിന്ന് താഴേയ്ക്ക് നടത്തിക്കൊണ്ടുവരവെ കുഴഞ്ഞുവീണ് മരിച്ച സംഭവത്തിൽ കുറ്റക്കാരായവർക്കെതിരെ കർശന നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ബിൽസിയുടെ മരണവുമായി ബന്ധപ്പെട്ട് അഞ്ചൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്. കിംസ്

ആശുപത്രിയിൽ ഇൻക്വസ്റ്റ് നടത്തിയ ശേഷം തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലാണ് പോസ്റ്റുമോർട്ടം നടത്തിയത്. മരണകാരണം ബ്ലഡ് ക്ലോട്ടിംഗാണെന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. പ്രാഥമിക അന്വേഷണത്തിനുശേഷം മെഡിക്കൽ എവിഡൻസ് വിദഗ്ദ്ധ സമിതിയെക്കൊണ്ട് പരിശോധിപ്പിച്ച്. അവരുടെ റിപ്പോർട്ട് കിട്ടിയശേഷം ഡോക്ടറുടെയോ ആശുപത്രി അധികൃതരുടെയോ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതാണ്. തുടർ അന്വേഷണം നടത്താൻ ഡിവൈ.എസ്.പി.ക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. കേസിന്റെ മേൽനോട്ടം വഹിക്കുന്നതിന് ജില്ലാ പോലീസ് സൂപ്രണ്ടിനെ ചുമതലപ്പെടുത്തുന്നതാണ്.

(3) <u>ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകുംവഴിയുണ്ടാകുന്ന മരണം</u>

<u>ശ്രീ. എൻ. ശക്തൻ:</u> ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകുന്ന രോഗികൾ വഴിമദ്ധ്യേ മരിക്കുകയാണെങ്കിൽ, അത് സ്വാഭാവിക മരണമായാൽപ്പോലും ആശുപത്രിയിൽ എത്തിക്കഴിഞ്ഞാൽ പോസ്റ്റുമോർട്ടം ചെയ്യാതെ മൃതദേഹം വിട്ടുകിട്ടാത്ത അവസ്ഥയുണ്ട്. സ്വാഭാവിക മരണമാണെങ്കിൽ പോസ്റ്റുമോർട്ടം ചെയ്യുന്ന അവസ്ഥ ഒഴിവാക്കണം. പരാതി കിട്ടുകയാണെങ്കിൽ മാത്രം അന്വേഷണം നടത്തിയാൽ മതിയെന്ന് പോലീസിന് ഡയറക്ഷൻ കൊടുക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> ആശുപത്രിയിലേയ്ക്ക് പോകുന്ന വഴിയിൽ മരണപ്പെടുന്നവരുടെ മൃതദേഹങ്ങൾ പോസ്റ്റുമോർട്ടം കൂടാതെ ബന്ധുക്കൾക്ക് വിട്ടുകൊടുക്കുന്നതിന് ശുപാർശ ചെയ്യാൻ നിലവിലുള്ള നിയമപ്രകാരം പോലീസിന് കഴിയില്ല. എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത്

പ്രാഥമിക അന്വേഷണം നടത്തി പ്രേതവിചാരണ തയ്യാറാക്കി സ്വാഭാവിക മരണമാണെന്ന് സംശയാതീതമായി വെളിവാകുന്ന സാഹചര്യത്തിൽ പോസ്റ്റുമോർട്ടം കൂടാതെ മൃതദേഹം വിട്ടുകൊടുക്കുന്നതിന് ഇപ്പോഴുള്ള നിയമപ്രകാരം അന്വേഷണ ഉദ്യോഗസ്ഥന് തീരുമാനമെടുക്കാവുന്നതാണ്. എല്ലാ സന്ദർഭങ്ങളിലും പോസ്റ്റുമോർട്ടം കൂടാതെ മൃതദേഹം വിട്ടുകൊടുക്കാൻ നിർദ്ദേശിച്ചുകൊണ്ടുള്ള ഉത്തരവിറക്കിയാൽ ദുരുപയോഗം ചെയ്യപ്പെടുമെന്നുള്ളതുകൊണ്ട് അതിന് കഴിയില്ല. ഇക്കാര്യത്തിൽ പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടിന് പരിഹാരം കാണുന്ന കാര്യം നിയമവിദഗ്ദ്ധരുമായി ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

(4) കബീറിന്റെ ദുരൂഹ മരണം

ശ്രീ. എ. എം. ആരിഫ്: അരൂർ നിയോജകമണ്ഡലത്തിലെ കിഴക്കേടത്ത് ചിറയിൽ കബീറിനെ 2008 ഒക്ടോബർ മാസം 21 മുതൽ കാണാതാവുകയും തുടർന്ന് നടത്തിയ പോലീസ് അന്വേഷണത്തിൽ അയാൾ പൊള്ളാച്ചിയിൽ വച്ച് കൊല്ലപ്പെട്ടതായി വിവരം ലഭിക്കുകയും ചെയ്തു. ഒരു വിദഗ്ദ്ധ ടീമിനെ നിയോഗിച്ച് കേസന്വേഷണം ഊർജ്ജിതപ്പെടുത്തുകയും കബീറിന്റെ കുടുംബാംഗങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് പരമാവധി സാമ്പത്തിക സഹായം നൽകുകയും വേണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഈ കേസുമായി ബന്ധപ്പെട്ട പ്രതികളെ പള്ളുരുത്തി സർക്കിൾ ഇൻസ്പെക്ടർ 18.06.2009-ന് അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തിട്ടുണ്ട്. ഈ കേസിൽ കൂടുതൽ പ്രതികൾ ഉൾപ്പെട്ടിട്ടുണ്ടോ എന്ന്

പോലീസ് കമ്മീഷണറുടെ നേതൃത്വത്തിൽ ഊർജ്ജിതമായ അന്വേഷണം നടത്തിവരികയാണ്. കബീറിന്റെ കുടുംബാംഗങ്ങൾക്ക് ധനസഹായം നൽകുന്ന കാര്യം മന്ത്രിസഭ ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

(5) ഇംഹാൻസിന് അനുവദിച്ച തുക വകമാറ്റിയതു സംബന്ധിച്ച്

ശ്രീ. എ. പ്രദീപ്കുമാർ: കോഴിക്കോട് പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസ് (IMHANS)എന്ന സ്ഥാപനത്തെ സെന്റർ ഓഫ് എക്സലൻസായി ഉയർത്തുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സെൻട്രൽ ഗവൺമെന്റിന് അയച്ചുകൊടുക്കുകയും 30 കോടി രൂപയുടെ പദ്ധതി നടപ്പാക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തിരുന്നതാണ്. എന്നാൽ ഇപ്പോൾ അത് തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിനാണ് അനുവദിച്ചു കൊടുത്തിരിക്കുന്നത്. ഈ തുക ഇംഹാൻസിനു തന്നെ ലഭ്യമാക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്തണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): ഇംഹാൻസിനെ സെന്റർ ഓഫ് എക്സലൻസായി ഉയർത്താനാവശ്യമായ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടും എസ്റ്റിമേറ്റും തയ്യാറാക്കി സെൻട്രൽ ഗവൺമെന്റിന് സമർപ്പിക്കുകയുണ്ടായി. തിരുവനന്തപുരത്തെ മെന്റൽ ഹോസ്പിറ്റലുമായി ബന്ധപ്പെട്ടുകൊണ്ട് യാതൊരു പ്രൊപ്പോസലും നൽകിയിട്ടില്ല. എന്നാൽ അവസാന ഉത്തരവ് വന്നപ്പോൾ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടോ എസ്റ്റിമേറ്റോ സമർപ്പിക്കാത്ത തിരുവനന്തപുരം മെന്റൽ ഹോസ്പിറ്റലിന് 30 കോടി രൂപയും കോഴിക്കോട് മെന്റൽ ഹോസ്പിറ്റലിന് 3 കോടി രൂപയുമാണ്

അനുവദിച്ചിരിക്കുന്നത്. 30-06-09-നകം തിരുവനന്തപുരം മെന്റൽ ഹോസ്പിറ്റലുമായി ബന്ധപ്പെട്ട് ഒരു പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്നത്. സംസ്ഥാനത്തിന് കിട്ടേണ്ട ഒരു പ്രോജക്ട് നഷ്ടപ്പെടുത്താൻ പാടില്ലെന്ന അഭിപ്രായമാണ് ഈ സർക്കാരിനുള്ളത്. എന്നാൽ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ള ഇംഹാൻസിനെ തന്നെ അപ്ഗ്രേഡ് ചെയ്യുന്നതിന് സംസ്ഥാന ഗവൺമെന്റ് ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. അതുമായി ബന്ധപ്പെട്ട് ഫാക്സ് അയച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയെ ഇക്കാര്യം നേരിട്ട് അറിയിക്കുന്നതിന് ആലോചിക്കുന്നുണ്ട്.

(6) <u>പകർച്ചപ്പനി നിയന്ത്രിക്കാനാവശ്യമായ നടപടികൾ</u>

<u>ശ്രീ. എ.കെ. ശശീന്ദ്രൻ:</u> ബാലുശ്ശേരിയിലേയും പരിസര പ്രദേശത്തേയും ജനങ്ങൾ വൈറൽ പനിയുടേയും മഞ്ഞപ്പിത്തത്തിന്റേയും ഭീതിയിലാണ്. നിലവിലുള്ള ഒ.പി. കളുടെ എണ്ണം വർദ്ധിപ്പിച്ചും രോഗികളെ പരിശോധിച്ച് മരുന്ന് നൽകുന്നതിന് സമയ ക്ലിപ്തത പാലിച്ചും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചും ത്വരിതഗതിയിലുള്ള പ്രവർത്തനം നടത്തി രോഗങ്ങൾ വ്യാപിക്കുന്നത് നിയന്ത്രിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ):</u> ബാലുശ്ശേരിയിലും പരിസര പ്രദേശത്തും പനി പടർന്നുപിടിക്കുകയും ചിക്കുൻഗുനിയയുണ്ടെന്ന് സ്ഥിരീകരിക്കുകയും ചെയ്തപ്പോൾത്തന്നെ അത് തടയുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തുന്നതിനുള്ള നടപടികളെടുത്തിരുന്നു. വാർഡുതല സാനിട്ടേഷൻ കമ്മിറ്റികൾക്ക്

ആവശ്യമായ പണം നൽകി. ഡിസ്ട്രിക്ട് ഹെൽത്ത് ആന്റ് ഫാമിലി വെൽഫെയർ സൊസൈറ്റിയുടെ കോ-ചെയർമാൻ എന്ന നിലയിലും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ചെയർമാനെന്ന നിലയിലും ജില്ലാ കളക്ടർ ഇക്കാര്യത്തിൽ നേതൃത്വപരമായ ചുമതല നിർവ്വഹിച്ചു കൊണ്ടിരിക്കുകയാണ്. ബാലുശ്ശേരി, കുറ്റ്യാടി, സി.എച്ച്.സി-കളിൽ ഒ.പി.കളുടെ എണ്ണം വർദ്ധിപ്പിക്കുകയും പ്രാദേശിക തലത്തിൽ വ്യാപകമായ ക്യാമ്പുകൾ നടത്തുകയും പി.എച്ച്.സി-കളിലുൾപ്പെടെ ആവശ്യമായ മരുന്നുകൾ എത്തിക്കുകയും ചെയ്തിട്ടുണ്ട്. പകർച്ചപ്പനി നിയന്ത്രിക്കുന്നതിന് മനുഷ്യസാദ്ധ്യമായ എല്ലാ കാര്യങ്ങളും ചെയ്യുന്നുണ്ട്.

(7) <u>കാര്യവട്ടം ഗവൺമെന്റ് കോളേജിൽ പി.ജി. കോഴ്സുകൾ</u>

<u>ശ്രീ. എം.എ. വാഹീദ്</u>: കേരള യൂണിവേഴ്സിറ്റി കാര്യവട്ടം ഗവൺമെന്റ് കോളേജിന് അനുവദിച്ച ബയോ കെമിസ്ട്രി, കമ്പ്യൂട്ടർ സയൻസ്, ജിയോഗ്രഫി, സ്റ്റാറ്റിസ്റ്റിക്സ് എന്നീ പി.ജി. കോഴ്സുകൾ ആരംഭിക്കുന്ന തിനാവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എം.എ. ബേബി</u>): കാര്യവട്ടം ഗവൺമെന്റ് കോളേജിൽ നാല് പി.ജി. കോഴ്സുകൾ അനുവദിച്ചുകൊണ്ടുള്ള കേരള യൂണിവേഴ്സിറ്റിയുടെ ശുപാർശ സർക്കാരിന് ലഭിച്ചിട്ടുണ്ട്. എന്നാൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് ഇപ്പോൾ നിയന്ത്രണങ്ങൾ നിലവിലുണ്ട്. ഗവൺമെന്റ് കോളേജുകളിലും എയ്ഡഡ് കോളേജുകളിലും താല്ക്കാലിക അദ്ധ്യാപകരെയാണ് ഇപ്പോൾ നിയമിച്ചിരിക്കുന്നത്. സ്ഥിരം അദ്ധ്യാപകരെ നിയമിക്കാനുള്ള നടപടിക്രമം

ആരംഭിച്ചിട്ടുണ്ട്. സ്ഥിരം അദ്ധ്യാപകരെ നിയമിച്ചുകഴിയുമ്പോൾ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

(8) പാഠപുസ്തക വിതരണം

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സംസ്ഥാനത്ത് മലയാളം, ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലെ 5, 6, 7, 9 എന്നീ ക്ലാസ്സുകളിലേയ്ക്ക് ആവശ്യമായ പാഠപുസ്തകം ലഭിക്കുന്നില്ലെന്നുള്ള ഗൗരവമായ പ്രശ്നത്തിന് അടിയന്തിര പരിഹാരം കാണണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : ഈ വർഷത്തെ 2, 4, 6, 8 എന്നീ ക്ലാസ്സുകളിലെ കുട്ടികൾ പഠിക്കേണ്ടത് പുതിയ പാഠപുസ്തകങ്ങളാണ്. കഴിഞ്ഞ വർഷം പാഠപുസ്തക വിതരണവുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങളുണ്ടായതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് നിയോഗിച്ച സമിതിയുടെ നിർദ്ദേശപ്രകാരം കഴിഞ്ഞ വർഷം പുതുക്കിയ 1, 3, 5, 7 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിൽ ചില മാറ്റങ്ങൾ വരുത്താൻ തീരുമാനിച്ചു. വളരെ ചെറിയ മാറ്റങ്ങളാണ് വരുത്തിയതെങ്കിലും ആ പാഠപുസ്തകങ്ങളെല്ലാം വീണ്ടും അച്ചടിക്കേണ്ടി വന്നു. ഒന്നാംഘട്ടമായി 3 കോടി 15 ലക്ഷം പുസ്തകങ്ങൾ അച്ചടിച്ചു കൊടുക്കേണ്ടി വന്നു. ഇതിനുപുറമേ 5, 6, 7 ക്ലാസ്സുകളിൽ ഐ.ടി വിഷയത്തിന് കൈപ്പുസ്തകം ലഭ്യമാക്കാൻ തീരുമാനിച്ചു. ഈ ഭാരിച്ച ചുമതല ഈ വർഷം ഗവൺമെന്റിനുമേൽ വന്നതിന്റെ ഫലമായി സമയബന്ധിതമായി പാഠപുസ്തകങ്ങൾ അച്ചടിച്ച് ലഭ്യമാക്കാൻ വേണ്ടി നടത്തിയ തയ്യാറെടുപ്പുകളിൽ ഉണ്ടായിട്ടുള്ള പോരായ്മകൾ പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കുന്നതാണ്. പാഠപുസ്തക വിതരണത്തിൽ ഇപ്പോഴുള്ള

പരാതികൾ പരിഹരിക്കാൻ അടിയന്തിര നടപടി കൈക്കൊള്ളും. ജൂൺ മാസത്തിൽത്തന്നെ മുഴുവൻ പുസ്തകങ്ങളും വിതരണം ചെയ്യാനുള്ള ക്രമീകരണത്തെ അവതാളത്തിലാക്കുന്ന തരത്തിലുള്ള നിരുത്തരവാദപരമായ പ്രവർത്തനങ്ങൾ ആരുടെ ഭാഗത്തുനിന്നുണ്ടായാലും അതിനെതിരെ കർക്കശ നടപടി സ്വീകരിക്കുന്നതാണ്.

(9) രണ്ട് രൂപയ്ക്ക് അരി ലഭിക്കുന്നതിനുള്ള നിബന്ധനകൾ

ശ്രീ. എസ്. രാജേന്ദ്രൻ: ദേവികുളം മണ്ഡലത്തിലെ എ.പി.എൽ.-മറ്റിതര വിഭാഗത്തിൽപ്പെടുന്ന തോട്ടം തൊഴിലാളി കുടുംബങ്ങൾക്കുകൂടി രണ്ട് രൂപയ്ക്ക് അരി ലഭ്യമാക്കുന്നതിനും തോട്ടം തൊഴിലാളി മേഖലയിലെ ബി.പി.എൽ. വിഭാഗക്കാർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനും ജാതി സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കണമെന്ന നിബന്ധന വച്ചതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ.സി. ദിവാകരൻ): ബി.പി.എൽ.(എ.എ.വൈ).വിഭാഗത്തിൽപ്പെട്ട മുഴുവൻ കാർഡുടമകൾക്കും രണ്ട് രൂപയ്ക്ക് അരി നൽകുന്ന പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ട ആവശ്യമില്ല. സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലിയുള്ളവർ ഒഴികെ എ.പി.എൽ. വിഭാഗത്തിൽപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കും ആശ്രയ പദ്ധതിയിലുൾപ്പെടുന്നവർക്കും ഈ ആനുകൂല്യം ലഭിക്കും. പട്ടികവർഗ്ഗ കുടുംബങ്ങളുടെ ലിസ്റ്റ് പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും ലഭ്യമായതിനാൽ ഈ സ്കീമിന്റെ പരിധിയിൽവരുന്ന ഗുണഭോക്താക്കളെ

കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. മത്സ്യത്തൊഴിലാളികളും ആശ്രയ പദ്ധതിയിൽപ്പെട്ടവരുമായ ഗുണഭോക്താക്കളുടെ ലിസ്റ്റും സർക്കാരിന് ലഭ്യമായിട്ടുണ്ട്. എന്നാൽ പട്ടികജാതിയിൽപ്പെട്ട എ.പി.എൽ. കാർഡുടമകളുടെ വിവരം നൽകാൻ പട്ടികജാതി വകുപ്പിനോടും പട്ടികജാതി കുടുംബങ്ങളുടെ അന്തിമ ലിസ്റ്റ് തയ്യാറാക്കാൻ ജില്ലാ കളക്ടറോടും നിർദ്ദേശിച്ചുവെങ്കിലും അവരുടെ ലിസ്റ്റ് സർക്കാരിന് ലഭ്യമാകാത്ത സാഹചര്യത്തിൽ ഈ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് രണ്ട് രൂപയ്ക്ക് അരി വിതരണം ചെയ്യാൻ കഴിയുന്നില്ല. അതേസമയം ഇത്തരം കുടുംബങ്ങളിലെ ഏതെങ്കിലും ഒരു അംഗത്തിന്റെ എസ്.എസ്.എൽ.സി. ബുക്കിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കുടുംബങ്ങൾക്ക് രണ്ട് രൂപയ്ക്ക് അരി വിതരണം ചെയ്യാൻ ഉത്തരവായിട്ടുണ്ട്. താലൂക്ക് തലത്തിലുള്ള പട്ടികജാതി ഓഫീസിലെ രേഖകൾപ്രകാരം അതാത് പഞ്ചായത്ത് സെക്രട്ടറിമാർ നൽകുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിലും റേഷൻ വിതരണം നടത്തുന്നുണ്ട്. ദേവികുളം താലൂക്കിലെ പഞ്ചായത്തുകളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എ.പി.എൽ. വിഭാഗക്കാർക്ക് രണ്ട് രൂപയ്ക്ക് അരിയും ഗോതമ്പും നൽകിവരുന്നുണ്ട്. തോട്ടം തൊഴിലാളികളെ പൂർണ്ണമായും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുകയെന്നത് ഗവൺമെന്റ് നയപരമായി തീരുമാനിക്കേണ്ട വിഷയമാണ്.

### (10) കോഴിക്കോട് നഗരത്തിലെ കുടിവെള്ളക്ഷാമം

ശ്രീ. പി. എം. എ. സലാം: കൂളിമാട് പമ്പിംഗ് സ്റ്റേഷനിലെ റാ- വാട്ടർ, ക്ലീയർ വാട്ടർ സെക്ഷനുകളിലെ മോട്ടോറുകൾ റിപ്പയർ ചെയ്തോ പുന:സ്ഥാപിച്ചോ കോഴിക്കോട് നഗരത്തിലെ തീരപ്രദേശങ്ങളിലും ഉയർന്ന

പ്രദേശങ്ങളിലും അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമത്തിന് പരിഹാരമുണ്ടാക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : കോഴിക്കോട് നഗരത്തിൽ പ്രതിദിനം 120 ദശലക്ഷം ലിറ്റർ ശുദ്ധജലത്തിന്റെ ആവശ്യകതയുള്ള സ്ഥാനത്ത് മോട്ടോറുകളുടെ കാലപ്പഴക്കംമൂലം ഇപ്പോൾ പമ്പുചെയ്യുന്നത് 83.25 ദശലക്ഷം ലിറ്റർ വെള്ളം മാത്രമാണ്. കാലപ്പഴക്കമുള്ള നിലവിലുള്ള പമ്പുകൾ മാറ്റി സ്ഥാപിക്കാനാവശ്യമായ ഒരു പ്രോജക്ട് ജെ.ബി.ഐ.സി.യുടെ സഹായത്തോടെ നടപ്പാക്കാനായി സ്കീം ആവിഷ്ക്കരിക്കുകയും അതിനുള്ള നടപടി സ്വീകിരിച്ചിട്ടുള്ളതുമാണ്. എന്നാൽ ഈ പ്രശ്നത്തിൽ പരഹാരമുണ്ടാക്കുന്നതിനായി കേടായ മോട്ടോറുകൾ റിപ്പയർ ചെയ്യുന്നതിനും പുന:സ്ഥാപിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. ജെ.ബി.ഐ.സി. റീഹാബിലിറ്റേഷൻ വിഭാഗം പ്രത്യേകമായ തുക ഇതിനുവേണ്ടി വകയിരുത്തിയിട്ടുമുണ്ട്.

### (11) ഇഗ്നേഷ്യസ് സിൽവസ്റ്ററിന് വീട് വയ്ക്കുന്നതിന് ഭൂമി

ശ്രീ. വി. ശിവൻകുട്ടി: മുൻ ഇൻഡ്യൻ ദേശീയ ടീം അംഗവും സന്തോഷ് ട്രോഫി മൽസരത്തിൽ കേരളത്തിന്റെ ക്യാപ്റ്റനും ആയിരുന്ന ശ്രീ. ഇഗ്നേഷ്യസ് സിൽവസ്റ്ററിന് ഭൂമി പതിച്ചു നൽകുമെന്നുള്ള സർക്കാരിന്റെ വാഗ്ദാനത്തിന്മേൽ നാളിതുവരെ യാതൊരു തീരുമാനവും ഉണ്ടായിട്ടില്ല. ഇതു സംബന്ധിച്ച് സർക്കാരിന്റെ ഭാഗത്തു നിന്നും അടിയന്തിര നടപടികൾ ഉണ്ടാകണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി.രാജേന്ദ്രൻ): പ്രഗത്ഭനായ സ്പോർട്ട്സ് താരം ശ്രീ. ഇഗ്നേഷ്യസ് സിൽവസ്റ്ററിന് പേട്ട വില്ലേജിൽ

നൽകിയ സ്ഥലം സ്വീകാര്യമല്ലാത്തതിനാൽ കവടിയാർ വില്ലേജിൽ സ്ഥലം നൽകുന്നതിനുള്ള നിർദ്ദേശം വന്നിരുന്നു. മേൽ നടപടികൾ സ്വീകരിക്കാൻ 2009 ഏപ്രിൽ മാസത്തിൽത്തന്നെ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ കാര്യത്തിൽ സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്.

(12) ചീപ്പുങ്കൽ-മണിയാംപറമ്പ് റോഡ് നിർമ്മാണം

ശ്രീ. തോമസ് ചാഴികാടൻ: ഏറ്റുമാനൂർ നിയോജകമണ്ഡലത്തിലെ ചീപ്പുങ്കൽ-മണിയാംപറമ്പ് പാലത്തിന്റെ ഇരുവശത്തുമുള്ള പ്രധാനപ്പെട്ട റോഡിന്റെ പണി കേരളാ കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ടെൻഡർ അംഗീകരിച്ച് എത്രയുംവേഗം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ.മോൻസ് ജോസഫ്): മണിയാംപറമ്പ് പാലത്തിന്റെ ഇരുവശത്തുമുള്ള റോഡിന്റെ പണി കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഷെഡ്യൂൾ നിരക്കിൽ 33 ശതമാനം വർദ്ധനവ് ചോദിച്ചതിനാൽ മറ്റ് നടപടികൾ ഉണ്ടായില്ല. തുടർന്ന് കമ്പനിയുമായി നടത്തിയ ചർച്ചയിൽ 25 ശതമാനമായി കുറവ് വരുത്തിയെങ്കിലും ധനകാര്യ വകുപ്പ് ഇതിനെ നബാർഡിന്റെ അടുത്ത പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു. നേരത്തേ ശുപാർശ ചെയ്ത വർദ്ധനവ് കൊടുത്തുകൊണ്ടോ അല്ലെങ്കിൽ 2009-10 ആക്ഷൻ പ്ളാനിന്റെ ഭാഗമാക്കി പുതിയ ഭരണാനുമതി നൽകിയോ പണി പൂർത്തിയാക്കാൻ സാഹചര്യമുണ്ടാക്കുന്നതാണ്. നടപ്പാക്കാൻ സാധിക്കാത്ത പദ്ധതികൾ സംബന്ധിച്ചുള്ള ലിസ്റ്റ് റിവ്യൂ ചെയ്ത് സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് നബാർഡ് അനുവദിച്ച തുക നഷ്ടപ്പെടാതിരിക്കാൻ ഗവൺമെന്റ് ഇപ്പോൾ ആവശ്യമായ നടപടികൾ എടുക്കുന്നുണ്ട്.

(13) മേൽപ്പാലം പണിയുന്നതിന് ഭൂമി ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പള്ളിപ്രം ബാലൻ: കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിലെ കാഞ്ഞങ്ങാട് റെയിൽവേ സ്റ്റേഷൻ കടപ്പുറം റോഡിലെ 274-ാം നമ്പർ റെയിൽവേ സ്റ്റേഷന്റെ ലെവൽ ക്രോസ്സിംഗിന്റെ മേൽപ്പാലം പണിയുന്നതിന് റെയിൽവേ വകുപ്പ് അനുവദിച്ച തുക നഷ്ടപ്പെടാതെ ഇതിലേയ്ക്കായി സ്ഥലം അക്വയർ ചെയ്യാൻ എത്രയുംപെട്ടെന്ന് നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിൽപ്പെട്ട കടപ്പുറം റോഡിൽ 274-ാം നമ്പർ റെയിൽവേ ലെവൽ ക്രോസ്സിംഗിന്റെ മേൽപ്പാലം പണിയുന്നത് സംബന്ധിച്ച് അർദ്ധനാധികാരിയിൽ നിന്നും റിക്വിസിഷനോ ഫണ്ടോ ലഭിച്ചിട്ടില്ല. റെയിൽവേ ആവശ്യപ്പെട്ടാൽ എത്രയുംവേഗം ഭൂമി ഏറ്റെടുത്ത് നൽകാവുന്നതാണ്.

(14) മഞ്ചേരി, എടശ്ശേരിക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡ്

ശ്രീ. പി.കെ. അബ്ദുറബ്ബ്: മഞ്ചേരി നിയോജക മണ്ഡലത്തിലെ എടശ്ശേരിക്കടവ് പാലത്തിന്റെ നിർമ്മാണം നാല് വർഷം മുമ്പ് ആരംഭിച്ചപ്പോൾ ആ പാലത്തിലേക്കുള്ള അപ്രോച്ച് റോഡിനായി ചീക്കോട്-കീഴ്പറമ്പ് വില്ലേജുകളിലായി നിരവധി ആൾക്കാരുടെ സ്ഥലവും രണ്ടു പേരുടെ വീടും അഡ്വാൻസ് പൊസ്സഷനിൽ വിട്ടുകൊടുത്തെങ്കിലും നാളിതുവരെ അക്വിസിഷൻ നടപടികൾ പൂർത്തിയാക്കി വീടിന്റേയും സ്ഥലത്തിന്റേയും വില നൽകിയിട്ടില്ല. അക്വിസിഷൻ നടപടികൾ പൂർത്തിയാക്കി എത്രയും വേഗം പണം നൽകാനുള്ള നടപടികൾ ഉണ്ടാകണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): മഞ്ചേരി –എടശ്ശേരിക്കടവ് പാലത്തിന് അപ്രോച്ച് റോഡിനുവേണ്ടി ഏറ്റെടുത്ത സ്ഥലത്തിന്റെ 22 കൈവശക്കാർക്ക് ഫണ്ടിന്റെ ദൗർലഭ്യംമൂലം തുക അനുവദിക്കാൻ സാധിച്ചിട്ടില്ല. ഫണ്ട് അനുവദിച്ചുകിട്ടുന്നതിന് പൊതു മരാമത്ത് വകുപ്പുമായി നടപടികൾ സ്വീകരിച്ചുവരുന്നു. എത്രയുംവേഗം അവാർഡ് പാസ്സാക്കി തുക നൽകാൻ നടപടി സ്വീകരിക്കും.

(15) കാലവർഷക്കെടുതിക്കുള്ള നഷ്ടപരിഹാരത്തുക

ശ്രീ. രാജു എബ്രഹാം: കാലവർഷക്കെടുതിമൂലം വീടുകൾക്കും കൃഷിക്കും സംഭവിക്കുന്ന നാശനഷ്ടത്തിന് നിലവിൽ പ്രഖ്യാപിച്ചിട്ടുള്ള നഷ്ടപരിഹാരത്തുക അപര്യാപ്തമായതിനാൽ അടിയന്തിരമായി തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): ഇത് സഭയുടെ പൊതുവികാരമാണ്. കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡം അനുസരിച്ച് രാജ്യത്തിന്റെ വടക്കൻ മേഖലകളിൽ നൽകിവരുന്ന ധനസഹായം പര്യാപ്ത മാണെങ്കിലും ഇവിടെ ഇത് അപര്യാപ്തമാണ്. ഇത് മനസ്സിലാക്കി 27-06-2007 -ൽ സംസ്ഥാന സർക്കാർ ഇറക്കിയ ഉത്തരവ് പ്രകാരം കുറച്ച് തുക വർദ്ധിപ്പിച്ചിരുന്നു. എന്നാൽ കാലവർഷക്കെടുതികൾ അനുഭവിക്കുന്നവർക്ക് ഉണ്ടാകുന്ന നാശനഷ്ടത്തിന് ഇതൊന്നും പരിഹാരമല്ലാത്തതിനാൽ ധനസഹായം വർദ്ധിപ്പിക്കണമെന്ന് വീണ്ടും കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അനുകൂലമായ മറുപടി കിട്ടിയിട്ടില്ല. എൻ.സി..സി.എഫ്. -ൽ നിന്നും എല്ലാവർഷവും കൃത്യമായി ലഭിക്കുന്ന തുകയ്ക്ക് പുറമേ അടിയന്തിര സഹായമെന്ന നിലയിൽ ഒരു നിശ്ചിത തുക അനുവദിക്കണമെന്ന്

മുഖ്യമന്ത്രി കേന്ദ്രഗവണ്മെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഫ്ളഡ് റോഡിന്റെ പണിക്കുള്ള കുടിശ്ശിക ഇനത്തിൽ 226 കോടി രൂപ കൊടുത്തുതീർത്തു. 30 കോടി രൂപ കൂടി ജൂലായ് അവസാനത്തോടുകൂടി കൊടുത്തുതീർക്കാൻ സാധിച്ചാൽ കൂടുതൽ വർക്കുകൾ ഏറ്റെടുക്കാൻ സാധിക്കും.

(16) തമിഴ് വംശജർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കാത്തതു- മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. കെ. രാജു : കൊല്ലം ജില്ലയിലെ കിഴക്കൻ പ്രദേശത്ത് തമിഴ് വംശജരായ ആയിരക്കണക്കിന് കുടുംബങ്ങളിലുള്ളവർക്ക് വിദ്യാഭ്യാസ ആവശ്യത്തിന് പട്ടികജാതി സർട്ടിഫിക്കറ്റ് റവന്യൂ അധികൃതർ നൽകാത്തതുമൂലം അവർ വളരെ ബുദ്ധിമുട്ടുകയാണ്. പത്തനാപുരം താലൂക്ക് ഓഫീസിൽ 200-ലധികം കുടുംബങ്ങളുടെ അപേക്ഷ കെട്ടിക്കിടക്കുകയാണ്. ഇവർക്ക് വോട്ടേഴ്സ് ലിസ്റ്റിൽ പേരും റേഷൻ കാർഡുമുണ്ട്. പട്ടികജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് അമ്പത് വർഷത്തിനുമുമ്പുള്ള രേഖകൾ വേണമെന്നാണ് ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്നത്. ഇത് സംബന്ധിച്ച് അന്വേഷണം നടത്തി സർട്ടിഫിക്കറ്റ് നൽകാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : ഇത് സംസ്ഥാന ഗവൺമെന്റിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലുണ്ടായ പ്രശ്നമല്ല. 12-12-1986-ലെ എസ്.സി./എസ്.റ്റി. വകുപ്പിന്റെ ഉത്തരവ് പ്രകാരവും 1950-ലെ പ്രസിഡൻഷ്യൽ ഓർഡർ പ്രകാരവും ഒരു സംസ്ഥാനത്തുനിന്നും മറ്റൊരു സംസ്ഥാനത്തേയ്ക്ക് കുടിയേറുന്നവർക്ക് സ്വന്തം സംസ്ഥാനത്തുനിന്ന് മാത്രമേ പട്ടികജാതിക്കാരുടെ അവകാശങ്ങൾ ലഭിക്കൂവെന്നാണ്. പറഞ്ഞിട്ടുള്ളത്. ഇതുമൂലം മതിയായ റിക്കാർഡുകളുടെ അഭാവത്തിൽ നിജസ്ഥിതി മനസ്സിലാക്കി സർട്ടിഫിക്കറ്റ് നൽകാൻ കഴിയാതെ വരുന്നു.

അതുകൊണ്ട് നിലവിലുള്ള നിയമപ്രകാരം ഇവർക്ക് പട്ടികജാതി സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കുകയില്ല. 5-11-2008-ൽ റവന്യൂ വകുപ്പു മന്ത്രിയും പിന്നോക്കസമുദായക്ഷേമ വകുപ്പുമന്ത്രിയും പങ്കെടുത്ത ഉന്നതതല യോഗത്തിൽ ഈ വിഷയം ചർച്ച ചെയ്യുകയും ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ വികസന ഡയറക്ടർമാരും കിർത്താർഡ്സ് ഡയറക്ടറും ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് ഗവൺമെന്റ് ഉത്തരവ് ഇറങ്ങിയിട്ടുണ്ട്. കുളത്തൂപ്പുഴ-പത്തനംതിട്ട മേഖലയിലും ഇടുക്കിയിൽ വ്യാപകമായും ഇത്തരക്കാർ താമസമുണ്ട്. അവിടത്തെ കുട്ടികളുടെ പഠന സൗകര്യമുൾപ്പെടെ ഇക്കാര്യത്തിൽ എന്ത് ചെയ്യാൻ സാധിക്കുമെന്ന് ഗവൺമെന്റ് ഗൗരവമായി ആലോചിക്കുന്നതാണ്. എം.പി.മാരോട് ഈ പ്രശ്നം പാർലമെന്റിൽ ഉന്നയിക്കാൻ ആവശ്യപ്പെടുന്നതാണ്.

<u>റിപ്പോർട്ട് സമർപ്പണം</u>.

2009-ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**<u>അനൗദ്യോഗികാംഗങ്ങളുടെ കാര്യം</u>**

(1) <u>റിപ്പോർട്ട് പരിഗണന</u>

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ.

1. 2008-ലെ കേരള നദീ സംരക്ഷണ അതോറിറ്റി ബിൽ.

ശ്രീ. എം. മുരളി: 2008-ലെ കേരള നദീ സംരക്ഷണ അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ടി.എൻ. പ്രതാപൻ: പ്രമേയത്തെ പിൻതാങ്ങുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): 2003-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് അമെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. കേരള നദീ സംരക്ഷണ അതോറിറ്റി ബില്ലിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഉൾക്കൊള്ളുന്ന കരട് ബിൽ നിയമവകുപ്പിന്റെ പരിഗണനയിലാണ്. ഭരണഘടനാപരവും സാങ്കേതികവുമായിട്ടുള്ള പ്രശ്നങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത ബിൽ സഭയുടെ മുമ്പാകെ സമർപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. നദീസംരക്ഷണ അതോറിറ്റികളും നീർത്തട സംരക്ഷണ അതോറിറ്റികളും രൂപീകരിക്കാൻ ഗവണ്മെന്റ് നയപരമായി തീരുമാനിക്കുകയും നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുകയും ചെയ്തിരിക്കുന്ന പശ്ചാത്തലത്തിൽ ബിൽ പിൻവലിക്കണം

ശ്രീ. എം. മുരളി: ഗവണ്മെന്റ് ഒരു കരട് നിയമം തയ്യാറാക്കി നിയമ വകുപ്പിന്റെ അഭിപ്രായത്തിനായി അയച്ചിരിക്കുന്നു എന്നുള്ള പ്രസ്താവനയെ സ്വാഗതം ചെയ്യുന്നു. ഗവണ്മെന്റിന്റെ പരിഗണനയിലുള്ള കരട് നിയമം ഇന്നുണ്ടായിരിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾക്കും അന്യംനിന്നുപോകുന്ന നദികളെ സംരക്ഷിക്കുന്നതിനും അപര്യാപ്തമായതുകൊണ്ടാണ് സ്റ്റാറ്റ്യൂട്ടറി അധികാരമുള്ള ഒരു അതോറിറ്റി രൂപീകരിച്ചുകൊണ്ട് നദികളേയും പുഴകളേയും നീർത്തടങ്ങളേയും ജലസ്രോതസ്സുകളേയും തടാകങ്ങളേയും

സംരക്ഷിക്കാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നത്. 2003-ലെ നിയമം എഫക്ടായില്ല. . ഇപ്പോൾ പരിഗണനയിലിരിക്കുന്ന കരട് നിയമം പുന:പരിശോധിക്കണം. ഈ ബില്ലിന്റെ അന്ത:സത്ത ഉൾക്കൊണ്ടുകൊണ്ട് സ്റ്റാറ്റ്യൂട്ടറി അധികാരമുള്ള ഒരു അതോറിറ്റി രൂപീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): ഇതു സംബന്ധിച്ച കരട് ബിൽ തയ്യാറാക്കിയതിൽത്തന്നെ പാർലമെന്റിന്റെയും നിയമസഭയുടേയും വിവേചനാധികാരങ്ങൾ സംബന്ധിച്ച് ഭരണഘടനാപര മായ ചില പ്രശ്നങ്ങളുണ്ട്. മണൽവാരൽ, മാലിന്യനിക്ഷേപം, അനധികൃത കയ്യേറ്റം, കാലാവസ്ഥയിൽ വന്നിട്ടുള്ള ഘടനാപരമായ മാറ്റം എന്നിവയാൽ ജലസ്രോതസ്സുകളേയും ഭൂജലത്തേയും ബാധിക്കുന്ന പ്രശ്നങ്ങൾ പരിഗണി ച്ചുകൊണ്ടും ശ്രീ. മുരളി അവതരിപ്പിച്ച ബില്ലിന്റെ സാരാംശം ഉൾക്കൊണ്ടു കൊണ്ടും നിയമവകുപ്പിന്റെ അനുമതി ലഭിച്ചശേഷം ഗവണ്മെന്റിന്റെ പരിഗണനയിലുള്ള കരട് ബിൽ സഭയിൽ അവതരിപ്പിച്ച് പ്രാവർത്തി കമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എം. മുരളി: ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുന്ന കരട് നിയമം കൊണ്ട് കേരളത്തിലെ നദികളെ സംരക്ഷിക്കാൻ കഴിയുകയില്ല എന്ന കാഴ്ച്ചപ്പാടോടുകൂടിയാണ് ഇത്തരമൊരു നിയമനിർമ്മാണത്തിന് തയ്യാറായത്. ഇന്ന് നിലവിലുള്ള സംവിധാനം സംസ്ഥാനത്തെ ജലസ്രോതസ്സുകളെയും നദികളെയും തടാകങ്ങളെയും രക്ഷിക്കാൻ പര്യാപ്തമല്ലാത്തതിനാൽ അവയെ സംരക്ഷിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം. ദേശീയ പ്രാധാന്യമുള്ള നദികളെ രക്ഷിക്കാൻ ഫലപ്രദമായ ഒരു സംവിധാനം കേരളത്തിലുണ്ടാകണം.

(ചർച്ച തുടരും)

(2). <u>2008-ലെ കേരള സംസ്ഥാനത്തെ കലാകാരന്മാരുടേയും കലാരംഗത്തെ സാങ്കേതിക ജീവനക്കാരുടേയും ക്ഷേമനിധി ബിൽ.</u>

<u>ശ്രീ. എം. മുരളി</u>: 2008-ലെ കേരള സംസ്ഥാനത്തെ കലാകാരന്മാരുടേയും കലാരംഗത്തെ സാങ്കേതിക ജീവനക്കാരുടേയും ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി.എൻ. പ്രതാപൻ:</u> പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കു വേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (<u>ശ്രീ. എം. വിജയകുമാർ</u>): ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ച സ്വകാര്യ ബിൽ സർക്കാർ വിശദമായി പരിശോധിച്ചുകൊണ്ടിരിക്കുന്നതിനാൽ ഈ രൂപത്തിൽ അംഗീകരിക്കേണ്ടതില്ല.

<u>ശ്രീ. എം. മുരളി</u>: സാഹിത്യ-സാംസ്കാരിക മേഖലകളിൽ ജീവിതം സമർപ്പിച്ച പതിനായിരക്കണക്കിന് കലാകാരന്മാരുള്ള കേരളത്തിൽ അവശകലാകാരന്മാരും സിനി കലാകാരന്മാരും ഉൾപ്പെടെ 1986 പേർക്കാണ് സർക്കാർ പെൻഷൻ നൽകുന്നത്. അവശകലാകാരന്മാരുടെ ജീവിത സുരക്ഷ ഉറപ്പുവരുത്താൻ കാലാകാലങ്ങളിൽ വന്ന ഗവണ്മെന്റുകൾ ഫലപ്രദമായ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കുറഞ്ഞ വാർഷിക വരുമാനം നിശ്ചയിച്ചതുകൊണ്ടാണ് പെൻഷൻ ലഭിക്കുന്ന അവശ കലാകാരൻമാരുടേയും സിനി കലാകാരൻമാരുടേയും എണ്ണം പരിമിതപ്പെട്ടുപോയത്. പ്രൊഫഷണൽ-അമച്വർ നാടകവേദികളിൽ പ്രവർത്തിക്കുന്ന കലാകാരൻമാർക്കും സാങ്കേതിക പ്രവർത്തകർക്കും നാമമാത്രമായ പെൻഷനാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഈ മേഖലയിൽ മരണപ്പെട്ടവരുടെ എണ്ണത്തിനനുസരിച്ച് പുതിയ പെൻഷൻ കൊടുക്കുന്ന സമ്പ്രദായം അവസാനിപ്പിക്കണം. നിലവിലുള്ള

പെൻഷൻ സ്കീമുകളെല്ലാം നിർത്തി വിവിധങ്ങളായ കലാരംഗങ്ങളിൽ പ്രവർത്തിക്കുന്ന കലാകാരൻമാർക്കും സാങ്കേതിക പ്രവർത്തകർക്കും അവരുടെ ആശ്രിതർക്കും ഏകീകൃത പെൻഷൻ സംവിധാനം ഉൾപ്പെടെ വിവിധ ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം. കലാരംഗത്ത് പ്രവർത്തിക്കുന്നവരെ ഉൾപ്പെടുത്തിക്കൊണ്ട് മെഗാ ഷോ നടത്തുകയോ ലോട്ടറി ഉൾപ്പെടെയുള്ള മറ്റ് ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുകയോ ചെയ്തു കൊണ്ട് സംസ്ഥാനത്തെ മുഴുവൻ കലാകാരൻമാർക്കും സാങ്കേതിക പ്രവർത്തകർക്കും ആശ്രിതർക്കും പെൻഷനും മറ്റ് ജീവിത സംരക്ഷണവും കൊടുക്കുന്നതിന് പ്രാപ്തമായ തരത്തിൽ ക്ഷേമനിധി രൂപീകരിക്കണം.

(ചർച്ച തുടരും)

(3) <u>2008-ലെ കേരള എക്സാമിനേഷൻസ് അതോറിറ്റി ബിൽ</u>

<u>ശ്രീ.എം. മുരളി</u> : 2008-ലെ കേരള എക്സാമിനേഷൻസ് അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ശക്തൻ</u> : പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ)</u> :പരീക്ഷാ സമ്പ്രദായങ്ങൾ വളരെ സൂക്ഷ്മതയോടുകൂടി കൈകാര്യം ചെയ്യേണ്ട വിഷയമായതിനാൽ വിവിധ തലങ്ങളിൽ ചർച്ച ചെയ്ത് വളരെ ആലോചിച്ച് മാത്രമേ പരിഷ്കാരം ഏർപ്പെടുത്താൻ പാടുള്ളൂ. ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, തത്തുല്യമായ മറ്റ് പരീക്ഷകൾ, സംസ്ഥാനത്തെ വിവിധ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷകൾ എന്നിവ കുറ്റമറ്റ രീതിയിൽ നടത്തുന്നതുൾപ്പെടെയുള്ള

കാര്യങ്ങൾ ഒരു വിദഗ്ദ്ധ സമിതിയുടെ പരിശോധനയ്ക്ക് വിധേയമാക്കിക്കൊണ്ടു മാത്രമേ ഒരു അതോറിറ്റി രൂപീകരിക്കുന്ന കാര്യം തീരുമാനിക്കാൻ കഴിയൂ. പ്രസ്തുത വിഷയം സർക്കാരിന്റെ പരിഗണനയിലിരിക്കുന്നതിനാൽ ബിൽ അംഗീകരിക്കുന്നതിന് നിർവ്വാഹമില്ല.

ശ്രീ. എം. മുരളി : സംസ്ഥാന ഗവൺമെന്റ് രൂപീകരിച്ച എൻട്രൻസ് റിഫോംസ് കമ്മിറ്റിയുടെ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള നിർദ്ദേശങ്ങളിൻമേൽ വിദ്യാഭ്യാസ വിചക്ഷണരും പ്രഗത്ഭരുമായി ചർച്ച ചെയ്തതിനുശേഷം മാത്രമേ പ്രൊഫഷണൽ കോഴ്സുകളുടെ അഡ്മിഷൻ മാനദണ്ഡങ്ങൾ മാറ്റുന്ന കാര്യത്തിൽ തീരുമാനമെടുക്കാവൂ. ഡയറക്ടർമാരും പ്രവേശന പരീക്ഷാ കമ്മിഷണറും നടത്തുന്ന വിവിധ പരീക്ഷകൾ ഒരു ഏകീകൃത അതോറിറ്റിയുടെ ചുമതലയിൽ കുറ്റമറ്റ രീതിയിൽ നടത്തണം. എല്ലാ പരീക്ഷകളും ഒരുമിച്ച് നടത്തുന്നതിന് പരീക്ഷാ ഭവന്റെ കീഴിൽ ഒരു സംവിധാനം ഏർപ്പെടുത്തണം.

(ചർച്ച തുടരും)

(4) 2009-ലെ കേരള എഡ്യൂക്കേഷണൽ ഡെവലപ്പ്മെന്റ് ബാങ്ക് ബിൽ

ശ്രീ. എം. മുരളി: 2009-ലെ കേരള എഡ്യൂക്കേഷണൽ ഡെവലപ്പ്മെന്റ് ബാങ്ക് ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ശക്തൻ: പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): കേരള എഡ്യൂക്കേഷണൽ ഡെവലപ്പ്മെന്റ് ബാങ്ക് ബിൽ എന്നതിലെ ബാങ്ക് എന്ന വാക്ക്

1949-ലെ ബാങ്കിംഗ് റെഗുലേഷൻ ആക്ട് പ്രകാരം ബാങ്കിംഗ് സ്ഥാപനങ്ങൾക്ക് മാത്രമേ പേരിനോടൊപ്പം ഉപയോഗിക്കാൻ പാടുള്ളൂ. ബാങ്കിംഗ് എന്നത് ഒരു യൂണിയൻ സബ്ജക്ട് ആണ്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ, കേരള ഹയർ എഡ്യൂക്കേഷൻ കൗൺസിൽ എന്നിവ നൽകുന്ന വിവിധതരം സ്ക്കോളർഷിപ്പുകൾ നിലവിലുള്ളതിനാൽ ബില്ലിൽ പ്രതിപാദിച്ചിരിക്കുന്നതുപോലെ എഡ്യൂക്കേഷണൽ ഡെവലപ്പ്മെന്റ് ബാങ്ക് എന്ന സംവിധാനം ഏർപ്പെടുത്തേണ്ട ആവശ്യകത സംസ്ഥാനത്തില്ലാത്തതു കൊണ്ട് ഈ ബിൽ അംഗീകരിക്കേണ്ടതില്ല.

<u>ശ്രീ. എം. മുരളി</u>: സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകളിലുൾപ്പെടെ ഉന്നത വിദ്യാഭ്യാസത്തിന് അർഹരായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാവശ്യങ്ങൾക്ക് വായ്പ, ഗ്രാന്റ്, സ്കോളർഷിപ്പ് എന്നിവ നൽകുന്നതിനും വിവിധ സ്ഥാപനങ്ങളിൽ നിന്നും പൊതുജനങ്ങളിൽ നിന്നും സംഭാവനകളും ധനസഹായവും സ്വീകരിച്ച് പഠന സ്കോളർഷിപ്പുകൾ നൽകുന്നതിനുംവേണ്ടി കേരള എഡ്യൂക്കേഷണൽ ഡെവലപ്പ്മെന്റ് ബാങ്ക് എന്ന പേരിൽ ഒരു സ്ഥാപനം രൂപീകരിക്കുന്നതിനുവേണ്ടിയാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. സാമ്പത്തിക ബുദ്ധിമുട്ടുള്ള മിടുക്കരായ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസം അന്യമായിപ്പോവുകയും ബാങ്കുകൾ വിദ്യാഭ്യാസ വായ്പകൾ പരിമിതപ്പെടുത്തുകയും ചെയ്ത സാഹചര്യത്തിൽ പാവപ്പെട്ട കുട്ടികളെ സംരക്ഷിക്കുന്നതിനും അവർക്ക് തുടർ വിദ്യാഭ്യാസത്തിന് സൗകര്യമൊരുക്കുന്നതിനും വേണ്ടി ഇത്തരമൊരു ബാങ്ക് രൂപീകരിക്കണം.

(ചർച്ച തുടരും)

(5) 2009-ലെ കേരള മാലിന്യ നിർമ്മാർജ്ജന അതോറിറ്റി ബിൽ

ശ്രീ. എം. മുരളി: 2009-ലെ കേരള മാലിന്യ നിർമ്മാർജ്ജന അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ശക്തൻ: പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ഖരമാലിന്യങ്ങൾ ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യാനുള്ള ചുമതല തദ്ദേശഭരണ സ്ഥാപനങ്ങളിലും ആതറൈസേഷൻ നൽകാനുള്ള ചുമതല മലിനീകരണ നിയന്ത്രണ ബോർഡിലും നിക്ഷിപ്തമാണ്. സംസ്ഥാനത്ത് മാലിന്യ നിർമ്മാർജ്ജന ശുചിത്വ കമ്മീഷൻ നിലവിലുണ്ട്. നഗര ദ്രവമാലിന്യങ്ങളുടെ കാര്യത്തിൽ നടപടിയെടുക്കേണ്ടത് കേരള വാട്ടർ അതോറിറ്റിയാണ്. മാലിന്യ സംസ്കരണത്തിന് നിലവിലുള്ള സംവിധാനം പര്യാപ്തമായതിനാൽ ഒരു പ്രത്യേക അതോറിറ്റി ഇതിനായി രൂപീകരിക്കേണ്ട ആവശ്യമില്ല എന്നതുകൊണ്ട് ഈ ബില്ലിനോട് യോജിക്കാൻ നിർവ്വാഹമില്ല.

ശ്രീ. എം. മുരളി: സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനും അവ സംസ്ക്കരിക്കുന്നതിനുംവേണ്ടി ഒരു അതോറിറ്റി രൂപീകരിക്കേണ്ടത് അത്യാവശ്യമാണ്. മാലിന്യ നിർമ്മാർജ്ജനത്തിന്റെ ചുമതല തദ്ദേശഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചിട്ടുണ്ടെങ്കിലും ഇത് ഏറ്റെടുത്ത് വിജയകരമായി നിർവഹിക്കുന്നതിന് സാധിക്കുന്നില്ല. ഹൈക്കോടതിവരെ ഇടപെടുന്ന സാഹചര്യവും ഉണ്ടായിട്ടുണ്ട്. കേരളത്തിലെ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി പഞ്ചായത്ത് പ്രദേശങ്ങളിലൊക്കെത്തന്നെ മാലിന്യ നിർമ്മാർജ്ജനത്തിന് ഒരു പ്രത്യേക സംവിധാനം

ഉണ്ടാക്കേണ്ടത് അത്യാവശ്യമാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളെ മാത്രം ഈ ഉത്തരവാദിത്വം ഏൽപ്പിച്ചാൽ അത് ഭാവി കേരളത്തിന് അപകടം ചെയ്യും.

(ചർച്ച തുടരും)

(6) 2009-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: 2009-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. സി.ടി. അഹമ്മദ് അലി: പ്രമേയത്തെ പിന്താങ്ങുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): വിദ്യാഭ്യാസ സ്ഥാപനങ്ങളും ആരാധനാലയങ്ങളും സ്ഥിതിചെയ്യുന്നിടത്ത് നിന്ന് വിദേശ മദ്യഷാപ്പുകൾ 200 മീറ്ററും കള്ള്ഷാപ്പുകൾ 400 മീറ്ററും ദൂരപരിധി പാലിച്ചിരിക്കണമെന്ന് അബ്കാരി ചട്ടങ്ങളിലും പഞ്ചായത്ത് രാജ് ആക്ടിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിൽ യാതൊരു അവ്യക്തതയുമില്ലാത്തതിനാൽ ഈ ബിൽ അംഗീകരിക്കേണ്ടതില്ല.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഗുരുതരമായ സാമൂഹ്യപ്രശ്നത്തിന് പരിഹാരമെന്നുള്ള നിലയ്ക്ക് മദ്യഷാപ്പുകളുടെ വർദ്ധനവ് തടയേണ്ടതാണ്. 1999-ലെ പഞ്ചായത്ത് രാജ് ഭേദഗതിയിലൂടെ മദ്യഷാപ്പുകളുടെമേൽ പഞ്ചായത്തിനുണ്ടായിരുന്ന നിയന്ത്രണാധികാരങ്ങൾ നഷ്ടമായിരിക്കയാണ്. അതിനാൽ അബ്കാരി ഷാപ്പുകൾ വേണമോ വേണ്ടയോ എന്ന് തീരുമാനിക്കാൻ പഞ്ചായത്തുകൾക്കുണ്ടായിരുന്ന വിവേചനാധികാരം പുന:സ്ഥാപിക്കേണ്ടതാണ്.

(ചർച്ച തുടരും)

(7) 2009-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: 2009-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. സി.ടി. അഹമ്മദ് അലി: പ്രമേയത്തെ പിന്താങ്ങുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ഇത് നിയമപരമായി കൂട്ടായി ആലോചിക്കേണ്ട കാര്യമാണ് അതുകൊണ്ട് അംഗീകരിക്കേണ്ടതില്ല.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: മദ്യഷാപ്പുകൾ വേണമോ വേണ്ടയോ എന്ന് തീരുമാനിക്കാൻ മുനിസിപ്പാലിറ്റികൾക്ക് ഉണ്ടായിരുന്ന അധികാരം പുന:സ്ഥാപിക്കുന്നതിനായി നിരോധിച്ച രണ്ട് വകുപ്പുകൾ കൂട്ടി ചേർക്കേണ്ടതാണ്.

(ചർച്ച തുടരും)

(8) 2009-ലെ കേരള ഗാർഹിക തൊഴിലാളി ക്ഷേമനിധി ബിൽ

ശ്രീ. ബി. ബാബു പ്രസാദ്: 2009-ലെ കേരള ഗാർഹിക തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ശക്തൻ: പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): അടുത്തകാലത്തായി ഈ വിഭാഗം തൊഴിലാളികൾക്ക് മിനിമം വേജസ് നിശ്ചയിക്കുന്നതിനുള്ള കരട് നോട്ടിഫിക്കേഷൻ ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുണ്ട്. മൂന്നുനാല് മാസങ്ങൾക്കകം അവർക്ക് മിനിമം വേജസ് നൽകാൻ കഴിയും. അവരെ കൈത്തൊഴിലാളി-വിദഗ്ദ്ധ തൊഴിലാളി

ക്ഷേമപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കയാണ്. അതുകൊണ്ട് ഈ ബിൽ അംഗീകരിക്കാൻ കഴിയില്ല.

ശ്രീ. ബി. ബാബു പ്രസാദ്: വളരെ സഹതാപമർഹിക്കുന്ന, ജീവിതത്തിൽ ഒരു മാന്യതയും ലഭിക്കാതെ പാർശ്വവൽക്കരിക്കപ്പെട്ട ഈ വിഭാഗം തൊഴിലാളികളെ ജീവിതത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരേണ്ടതാണ്.

(ചർച്ച തുടരും)

(9) 2009-ലെ കേരള പെയിന്റിംഗ്, ഇതര ബ്രഷ് വർക്ക് തൊഴിലാളി ക്ഷേമനിധി ബിൽ

ശ്രീ. ബി. ബാബു പ്രസാദ്: 2009-ലെ കേരള പെയിന്റിംഗ്, ഇതര ബ്രഷ് വർക്ക് തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ശക്തൻ: പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണം വളരെ കുറവാണ്. അതുകൊണ്ട് ഒരു പ്രത്യേക ക്ഷേമനിധി രൂപീകരിക്കാൻ കഴിയില്ല. കൈത്തൊഴിലാളി-വിദഗ്ദ്ധ തൊഴിലാളി വിഭാഗത്തിൽ ഇത്തരം പുതിയ വിഭാഗങ്ങളെക്കൂടി ഉൾപ്പെടുത്തി ആ ക്ഷേമപദ്ധതി കുറച്ചുകൂടി വിപുലപ്പെടുത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ആ സാഹചര്യത്തിൽ പ്രത്യേക നിയമനിർമ്മാണത്തിന്റെ ആവശ്യമില്ല.

ശ്രീ. ബി. ബാബുപ്രസാദ്: ഏറ്റവും സാഹസികമായ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ഈ വിഭാഗം തൊഴിലാളികളെക്കൂടി ക്ഷേമനിധിയിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

(ചർച്ച തുടരും)

സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.

................................